LIBRARY ARCHIVES Kerala Legislative Assembly

ജനവാസ കേന്ദ്രങ്ങളിലെ വന്യജീവി ശല്യം

30(*60) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാടുകളിലെ ആവാസ വ്യവസ്ഥയ്ക്കുണ്ടായ മാറ്റംമൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാട്ടാനയുടെ ശല്യം തടയുന്നതിനായി സ്ഥാപിച്ച റെയിൽ വേലികളുടെ നിലവാരം സംബന്ധിച്ച ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവാരമില്ലാത്ത സുരക്ഷാ ക്രമീകരണങ്ങൾ വന്യജീവികളുടെ ആക്രമണം വർദ്ധിക്കാൻ ഇടയാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിച്ച് ഇത്തരം സംഭവങ്ങൾ തടയുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) കാടുകളിലെ ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടായ മാറ്റംമൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടില്ല. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഡെറാഡൂണും കേരള വനം വകുപ്പും സംയുക്തമായി മനുഷ്യ-വന്യജീവി സംഘർഷ വിഷയത്തിൽ ഒരു പഠനം നടത്തി വരുന്നുണ്ട്. വനത്തിനോട് ചേർന്ന് കിടക്കുന്ന ജനവാസ മേഖലകളിലും കൃഷി ഭൂമികളിലും വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതായി കണ്ടുവരുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ വന്യമൃഗശല്യം കൂടി വരുന്നുണ്ട്. കൂടാതെ, വന്യമൃഗങ്ങളുടെ സഞ്ചാരപാതയിൽ വരുന്ന ചില വനപ്രദേശങ്ങൾ ജനവാസ കേന്ദ്രങ്ങളായി മാറിയതിനെ തുടർന്ന് ഇത്തരം പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ കുറിച്ചിയാട് റെയിഞ്ചിന് കീഴിലെ കൂപ്പാടി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മൂടക്കൊല്ലി മുതൽ സത്രംകുന്ന് എന്ന സ്ഥലം വരെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിച്ച റെയിൽ ഫെൻസിംഗ് പ്രവൃത്തിയിൽ അഴിമതി നടക്കുന്നു എന്നാരോപിച്ച് ശ്രീ. മൈക്കിൾ പടവിൽ, സെക്രട്ടറി, കണ്ണൂർ ഡിസ്ട്രിക്ട് ആന്റി കറപ്ഷൻ പീപ്പിൾസ് ഫോറം, രണ്ടാം കടവ് പി. ഒ. എന്ന പേരിൽ ലഭിച്ച പരാതി വനം വകപ്പ് വിജിലൻസ് വിഭാഗത്തിലെ കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം അന്വേഷിച്ചതിൽ പ്രസ്തുത പ്രവൃത്തി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമാണ് നടന്നതെന്നും, ഈ പ്രവൃത്തിക്ക് ഉപയോഗിച്ച സാധനസാമഗ്രികൾ അംഗീകൃത വിദഗ്ധർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും കണ്ടെത്തുകയുണ്ടായി. ടി പരിശോധനയിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ല.

(സി) വന്യജീവികളുടെ ആക്രമണങ്ങൾ തടയുവാൻ ഒരുക്കുന്ന സുരക്ഷാ ക്രമീകരണങ്ങളുടെ നിർമ്മാണവേളയിൽ അവയ്ക്കായി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം അംഗീകൃത വിദഗ്ധർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ കുറിച്ചിയാട് റെയിഞ്ചിലെ റെയിൽ ഫെൻസിംഗ് പ്രവൃത്തിക്കുപയോഗിച്ച റെയിൽ സാമ്പിൾ മാനന്തവാടി ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിലെ വിദഗ്ധർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും കോൺക്രീറ്റ് കൃബുകൾ മീനങ്ങാടി പോളിടെക്നിക് കോളേജിലെ വിദഗ്ധർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. റെയിൽ ഫെൻസിംഗിന്റെ ഉറപ്പ് വർദ്ധിപ്പിക്കുന്നതിനായി കോഴിക്കോട് National Institute of Technology സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ സാങ്കേതിക വിദഗ്ധരുടെയും സുൽത്താൻ ബത്തേരി ബി.ഡബ്ല്യു.ഡി. റോഡ്സ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 16.32 കോടി രൂപയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതുമാണ്.

(ഡി) കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിനായി ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കേരളത്തിലെ വനങ്ങളിൽ 30,000-ഓളം ഹെക്ടറിൽ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്സ്, വാറ്റിൽ തുടങ്ങിയ വിദേശീയ ഇനം വ്യാവസായിക വൃക്ഷ തോട്ടങ്ങൾ നിലവിലുണ്ട്. ആയവ ഘട്ടംഘട്ടമായി വെട്ടി നീക്കി സ്വാഭാവിക വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിനോ, സ്വാഭാവിക വനമാക്കി പുനഃസ്ഥാപിക്കുന്നതിനോ ആയുള്ള ദീർഘകാല പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുണ്ട്. കൂടാതെ, സെന്ന പോലെയുള്ള അധിനിവേശ വിദേശീയ കളകളെ വനങ്ങളിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള ദീർഘകാല പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.